(ബി) ഓരോ പ്രവർത്തികളുടേയും തുക എത്രയെന്ന് വ്യക്തമാക്കാമോ; മറ്റ് വിശദാംശങ്ങളും അറിയിക്കുമോ;

(സി) സ്വന്തമായി കെട്ടിടം ഇല്ലാത്ത തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷനിൽ കെട്ടിടം പണിയാനുള്ള നടപടികൾ ഏത് വരെയായി?

ഉത്തരം

(എ) നാദാപുരത്ത് പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ബാരക്കുകൾ എന്നിവയ്ക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. പോലീസ് ക്വാർട്ടേഴ്സുകളുടെ പണി പുരോഗമിച്ചുവരുന്നു. വളയം പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചു. എടച്ചേരി പോലീസ് സ്റ്റേഷനിൽ വനിതാ പോലീസുകാർക്കായി വിശ്രമ മുറിയും ടോയ്ലറ്റും നിർമ്മിച്ചു. തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) നാദാപുരം ബാരക്കുകൾ—25 ലക്ഷം രൂപ.

വളയം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം—12 ലക്ഷം രൂപ.

നാദാപുരം പോലീസ് സ്റ്റേഷൻ നിർമ്മാണം—12 ലക്ഷം രൂപ.

നാദാപുരം സി. ഐ. ഓഫീസ്—5 ലക്ഷം രൂപ.

അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം—19 ലക്ഷം രൂപ.

എടച്ചേരി പോലീസ് സ്റ്റേഷനിൽ വനിതാ പോലീസുകാർക്കായി വിശ്രമ മുറിയും ടോയ്ലറ്റും—96,000 രൂപ.

(സി) തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം എടുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് ആനുകൂല്യം

66 [1581] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് ജി. ഒ. (ആർടി.) നമ്പർ 5/04/ഹോം തീയതി 1-1-2004 പ്രകാരം അനുവദിച്ച സാമ്പത്തിക ആനുകൂല്യങ്ങൾക്കായി തിരുവനന്തപുരം വിജിലൻസ് ഡയറക്ടറേറ്റിൽ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആരൊക്കെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ; എന്നാണ് അപേക്ഷകൾ കിട്ടിയത് ; ഇതിനകം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ;

(സി) ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്താമാക്കാമോ ;

(ഡി) ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷ സമർപ്പിച്ചവരുടെ പേരു വിവരം താഴെ പറയുന്നു:

1. ശ്രീ. ദാമോദരൻ നായർ, പി. സി. റ്റി. 3388 (റിട്ടയേർഡ്)
2. ശ്രീ. കുഞ്ഞൻ നാടാർ, പി. സി. റ്റി. 3395 (റിട്ടയേർഡ്)
3. ശ്രീ. എ. വിജയൻ, പി. സി. റ്റി. 3410 (റിട്ടയേർഡ്)
4. ശ്രീ. കെ. കൃഷ്ണൻകുട്ടി, പി. സി. റ്റി. 3399 (റിട്ടയേർഡ്)
5. ശ്രീ. ജി. കൃഷ്ണൻ നായർ, പി. സി. റ്റി. 3880 (റിട്ടയേർഡ്)
6. ശ്രീ. എസ്. കൃഷ്ണൻകുട്ടി, പി. സി. റ്റി. 3361 (റിട്ടയേർഡ്)
7. ശ്രീ. എം. രാമചന്ദ്രൻ, പി. സി. റ്റി. 3468 (റിട്ടയേർഡ്)
8. ശ്രീ. ശിവാന്ദൻ നാടാർ, പി. സി. റ്റി. 3460 (റിട്ടയേർഡ്)
9. ശ്രീ. എം. കുഞ്ഞ്, പി. സി. റ്റി. 1704 (റിട്ടയേർഡ്)
10. ശ്രീ. കെ. കെ. ചിന്നപ്പൻ, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് (റിട്ടയേർഡ്)
11. ശ്രീ. ഡി. കൃഷ്ണൻകുട്ടി, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് (റിട്ടയേർഡ്)
12. ശ്രീ. എൻ. രാമചന്ദ്രൻ നായർ, പി. സി. കൃ. 2283 (റിട്ടയേർഡ്)
13. ശ്രീ. എൻ. ഭാർഗ്ഗവൻ നായർ എച്ച്. സി. റ്റി. 3453 (റിട്ടയേർഡ്)
14. ശ്രീ. സൈമൺ, പി. സി. കെ 4616 (റിട്ടയേർഡ്)

അപേക്ഷകൾ ലഭിച്ച തീയതി ശേഖരിച്ചുനൽകുന്നതാണ്. മേൽപ്പറഞ്ഞ ആർക്കും തന്നെ ആനുകൂല്യം നൽകിയിട്ടില്ല.

(സി) ആന്റ് (ഡി) മേൽപ്പറഞ്ഞ ആളുകളുടെ സർവ്വീസ് ബുക്കുകൾ, അവർക്കു നൽകിയിട്ടുള്ള ശംബളത്തിന്റെ വിശദാംശങ്ങൾ, 1966 മുതലുള്ള ശംബള പരിഷ്കരണ ഉത്തരവുകൾ, മറ്റു അനുബന്ധ രേഖകൾ തുടങ്ങിയവ കണ്ടെടുക്കുന്നതിനും, ആയവ വിശദമായി പരിശോധിക്കുന്നതിനും കൂടുതൽ സമയം ആവശ്യമുണ്ട്. ആനുകൂല്യം നൽകുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

മണൽ മാഫിയയുടെ ആക്രമത്തിനിരയായ പോലീസുകാർ

67 [1582] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽമാഫിയയുടെ ആക്രമണത്തിൽ ചിറ്റാർ പോലീസ് സ്റ്റേഷനിലെ എത്ര പോലീസുകാർക്കാണ് പരിക്കേറ്റിട്ടുള്ളത് ;